കേരള സർക്കാർ

# കോതമംഗലം ബ്ലോക്ക്പഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)331/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 27.03.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

.

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)331/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 27.03.2017

## എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 05 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തി ന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.02.2017മുതൽ 20.02.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷൈല.എം.എസ്,ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.സ്റ്റാർ.പി.ജോൺ,അസി.ഓഡിറ്റ്ഓഫീസർ |
| | ശ്രീ.പ്രവീൺ വി.എൻ.,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.കെ.ഐ.ജേക്കബ് | 01.04.2015മുതൽ18.11.2015വരെ |
| - | ശ്രീമതി.റഷീദ സലിം | 19.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ.ഫിലിപ്പ് ജോസഫ് | 01.04.2015മുതൽ18.02.2016വരെ |
| - | ശ്രീ.എം.കെ.ശശിയപ്പൻ | 19.02.2016മുതൽ31.03.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.വർഗ്ഗീസ് .സി.ഡി. | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, CHC വാരപ്പെട്ടി | ഡോ.അനിത.എൻ.ഷേണായ് | 01.04.2015മുതൽ31.03.2016വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി മെറീന പോൾ | 01.04.2015മുതൽ31.03.2016വരെ |
| അസി.കൃഷി ഡയറക്ടർ | ശ്രീ.ജയരാജ്.എം.പി. | 01.04.2015മുതൽ31.03.2016വരെ |
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ കോതമംഗലം | ശ്രീമതി.ജുമൈലാ ബീവി | 01.04.2015മുതൽ31.03.2016വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മന മുരളി | 01.04.2015മുതൽ01.06.2015വരെ |
| | ശ്രീ.ജോർജ്ജ് ഡി.ഡാനിയേൽ | 02.06.2015മുതൽ04.06.2015വരെ |
| | ശ്രീ.ആർ.നാരായണൻകുട്ടി | 05.06.2015മുതൽ31.03.2016വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| | ഭാഗം - 2 | |
| 9 | കെട്ടിട-വാടക | 2-1 |
| | ഭാഗം - 3 | |
| 10 | ക്വട്ടേഷൻ - അപാകത | 3-1 |
| 11 | സി.പി.ഡബ്ല്യ.ഡി സ്പെസിഫിക്കേഷനിൽ ഇല്ലാത്ത ഇനം – അധിക തുക നൽകി | 3-2 |
| | ഭാഗം - 4 | |
| 12 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 13 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 14 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 15 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 16 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 17 | ഓഡിറ്റ് റിക്കവറി | 4-6 |
| 18 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 19 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 20 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 21 | ഓഡിറ്റ് സർട്ടിഫിക്കറ്റ് -2015-16 | അനുബന്ധം1 |
| 22 | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2015-16 | അനുബന്ധം2 |
| 23 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം3 |
| 24 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 18/03/2015തിയതിയിലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചു.

| 2015-16 | |
|---|---|
| ബജറ്റ് പ്രകാരമുള്ള വരവ് | 362445773 |
| യഥാർത്ഥ വരവ് | 136108621 |
| വ്യത്യാസം | 226337152 |
| ശതമാനം | 62.44% |
| ബജറ്റ് പ്രകാര മുള്ള ചെലവ് | 362293973 |

| | |
|---|---|
| യഥാർത്ഥ ചെലവ് | 120874037 |
| വ്യത്യാസം | 241419936 |
| ശതമാനം% | 66.63% |

യഥാർത്ഥ്യബോധമില്ലാതെ ബജറ്റ് തയ്യാറാക്കുന്നതുമൂലമാണ് ബജറ്റ് പ്രകാരമുള്ള വരവുംചെലവും യഥാർത്ഥ വരവുംചെലവും തമ്മിൽ ഇത്തരത്തിൽ വലിയ അന്തരം ഉണ്ടാകാൻ കാരണം. ഭാവിയിൽ ഇത്തരം അപാകത നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2016 | 20/07/2016 |

## 1-3 സാമ്പത്തിക വിശകലനം

| 2015-16 | |
|---|---|
| മുന്നിരിപ്പ് | 37697042.81 |
| വരവ് | 136108621.00 |
| ആകെ | 173805663.81 |
| ചെലവ് | 120874037.00 |
| നീക്കിയിരിപ്പ് | 52931626.81 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 5879779 | 32455295 | 38335074 | 38335074 | 00 |
| വികസന ഫണ്ട് എസ്.സി.പി. | 3723954 | 8363598 | 12087552 | 12087552 | 00 |
| വികസന ഫണ്ട് ടി.എസ്.പി. | 586000 | 2894800 | 3480800 | 3480800 | 00 |
| സംരക്ഷ ണഗ്രാന്റ് റോഡ് | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 958596 | 4048281 | 5006877 | 5006877 | 00 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം % |
|---|---|---|---|---|---|---|
| 115 | 154442552 | 87 | 60569367 | - | 28 | 75.65% |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.02.2017- ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.ടി-ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/12/2016 to 09/12/2016 | 2015-16 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06/01/2014 | 2010-11, 2012-13 | 13.02.2014 |

## 1-8 ആഭ്യന്തരനിയന്ത്രണം

വാടക രജിസ്റ്റർ ക്രമപ്രകാരമല്ല പരിപാലിക്കുന്നത്,പഞ്ചായത്തിൻെറ ഏകതനതുവരുമാനമായ വാടക തുക പിരിക്കുന്നതിനും വാടകകരാർ തയ്യാറാക്കുന്നതിലും അപാകതകളുണ്ട് .

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട-വാടക

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിൽ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകളോ പഞ്ചായത്ത് പാലിച്ചിട്ടില്ല. വിശദവിവരം ചുവടെ-

1. 29.05.2012 തീയതിലെ സാധാരണ യോഗത്തിലെ തീരുമാനം 3 പ്രകാരം പഞ്ചായത്ത് ഉടമസ്ഥതതയിലുള്ള നേര്യമംഗലത്തെ സെയിൽസ് ഔട്ട് ലെറ്റ് കെട്ടിടത്തിന് 1,000, 750, 500 രൂപ നിരക്കുകളിൽ വാടക ഈടാക്കുന്നതിന് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ള താണ്. പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ പുതുക്കിയ നിരക്കിലുള്ള വാടക 2012 ജൂൺ മാസം മുതൽ അടയ്ക്കേണ്ടതാണെന്ന വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 8.4.2013 ലെ ബി.549/12 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ള താണെങ്കിലും സംഘങ്ങൾ വാടക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

2. വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ വാടക ഡിമാന്റ്-കളക്ഷൻ-ബാലൻസ് (ഡി.സി.ബി) രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ലാത്തതു കൊണ്ട് ഓരോ വർഷവും കുടിശ്ശികയിനത്തിൽ ലഭിക്കേണ്ട തുക അക്കൗണ്ടിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

3. 2015-16 വാർഷിക ധനകാര്യ പത്രികയിൽ RP-43 Sundry Debtors (Receivables) ൽ Rent Receivables from Buildings (Arrears) പൂജ്യ മായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തുക ഡിമാന്റ് ചെയ്യാത്തതു മൂലം വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ടതായ തുക പഞ്ചായത്തിന് നഷ്ടപ്പെടുകയും നിയമപരമായി ഈടാക്കുന്നതിന് സാധിക്കാതെ വരുകയും ചെയ്തിട്ടുണ്ട്.

4. 29.05.2012 തീയതിലെ സാധാരണ യോഗത്തിലെ തീരുമാനം 3 പ്രകാരം പുതുക്കിയ നിരക്കിലുള്ള വാടക ഈടാക്കുന്നതിനായി തീരുമാനിച്ചതിന് ശേഷം വാടക ഒഴിവാക്കികൊണ്ടുള്ള പുതിയ കമ്മിറ്റിതീരുമാനങ്ങളോ, ഉത്തരവുകളോ ഇല്ല. എന്നാൽ 2015 വർഷത്തിൽ സ്വയം സഹായ സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള വാടക കരാറിലെ വ്യവസ്ഥ 1 ൽ, വാടക ഇല്ലാതെ അനുവദിച്ച് കമ്മിറ്റി തീരുമാന പ്രകാരം നൽകിയിട്ടുള്ളതാകുന്നു എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ടി- കരാറുകളിൽ സെക്രട്ടറി ഒപ്പുവച്ച് കരാറിന് നിയമസാധുത വരുത്തിയിട്ടില്ല. ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കാതെ വരുന്നു.

5. സെക്രട്ടറിയുടെ 29.4.2015, 18.7.2016 എന്നീ തീയതികളിലെ ബി.549/12 നമ്പർ കത്ത് പ്രകാരം വാടക കുടിശ്ശിക വരുത്തിയിട്ടുള്ള സ്വയം സഹായ സംഘങ്ങൾ 2012- ജൂൺ മുതലുള്ള കുടിശ്ശിക അടയ്ക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ക്രമനം.3-ൽ പറഞ്ഞിരിക്കുന്ന അപാകത നിലനിൽക്കുന്നതിനാൽ ടി-കത്ത് വാടകകാർക്ക് നല്കിയതിന് നിയമ പിൻബലം ലഭിച്ചിട്ടില്ല.

6. സെക്രട്ടറിയുടെ 1.6.2012 തീയതിലെ ബി.549/12 നമ്പർ കത്ത് പ്രകാരം SGSY നേര്യമംഗലം വിപണന കേന്ദ്രത്തിൽ

ഗ്രേസ് സ്വയം സഹായ സംഘത്തിന് മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചിരുന്നു. ടി- നിബന്ധനകളിൽ മെഡിക്കൽ സ്റ്റോർ നടത്തിപ്പിന് ആവശ്യമായ ഫാർമിസിസ്റ്റ് സർട്ടിഫിക്കറ്റ്, ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസ് എന്നിവയുടെ പകർപ്പുകൾ ഫയലുകളിലോ അനുബന്ധരേഖകളിലോ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പഞ്ചായത്ത് വിലയിരുത്തേണ്ടതും പഞ്ചായത്തിന് ലഭിക്കേണ്ടതായ വരവിനങ്ങളുടെ വർദ്ധനവ് ഉറപ്പാക്കേണ്ടതുമാണ്. മേൽ വിവരിച്ച അപാകതകൾ നിലവിൽ തുടരുകയും , വാടക കെട്ടിടങ്ങൾ നിലവിൽ വിദൂരപ്രദേശങ്ങളിൽ ആയതിനാലും കെട്ടിടമുറികൾ ആർക്കൊക്കെ നല്കിയെന്നോ,ആകെ മുറികൾ എത്രയെന്നോ വിലയിരുത്താൻ ഓഡിറ്റിനു സാധിച്ചിട്ടില്ല.മേൽ അപാകതകൾ പരിഹരിക്കുന്നതിനായി വകുപ്പ് തലത്തിൽ ബ്ലോക്ക് പഞ്ചായത്തിൻെറ ഉടമസ്ഥതതയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വിവരം ശേഖരിക്കേണ്ടതും നിയമാനുസരണമുള്ള നടപടികൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കേരളോത്സവം നടത്തിപ്പിന് കളിയുപകരണങ്ങൾ വാങ്ങിയത് ക്വട്ടേഷൻ സ്വീകരിച്ചതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കേരളോത്സവം |
| പ്രോജക്ട് നം. | S0001/16 |
| അടങ്കൽ | 100000/- |
| ചെലവ് | 100000/-(53921/-) |
| ഡി.ഡി.നം,ബിൽ നം | 680600/18.02.2016,17/15-16,15.2.16 |
| നിർവ്വഹണം | സെക്രട്ടറി |

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 2015 കേരളോത്സവം നടത്തിപ്പുമായി ബന്ധപ്പെട്ട കളിയുപകരണങ്ങൾ വാങ്ങിക്കുന്നതിനുവേണ്ടിയാണ് അംഗീകൃതസ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചത് . റൺ സ്പോർട്സ് കോതമംഗലം, കിഡ്സ് ക്യാംപസ് കോതമംഗലം, സ്പോർട്സ് ഹൗസ് കട്ടപ്പന എന്നീ മൂന്ന് സ്ഥാപനങ്ങളാണ് ക്വട്ടേഷനിൽ പങ്കെടുത്തത്.എല്ലാ സ്ഥാപനങ്ങളും 5%വാറ്റ് കൂടി ഉൾപ്പെടുത്തിയാണ് നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അപാകതകൾ ചുവടെ-

1.കേരള ഫിനാൻഷ്യൽ കോഡ് വാല്യം -2, ഫോം 13-ൽ വ്യക്തമാക്കുന്ന ആവശ്യകത(intent) പ്രോജക്ടിൽ ഉറപ്പാക്കിയിട്ടില്ല.

2.ഇനങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുകയോ,കൈമാറുകയോ ചെയ്തതിൻെറ വിവരങ്ങൾ ലഭ്യമല്ല.

3.ക്വട്ടേഷൻ ഉറപ്പിച്ച സ്ഥാപനമായ റൺ സ്പോർട്സ് കോതമംഗലം എന്ന സ്ഥാപനത്തിൻെറയും കിഡ്സ് ക്യാംപസ് കോതമംഗലം എന്ന സ്ഥാപനത്തിൻെറയും ബന്ധപ്പെടാനുള്ള ഫോൺ നമ്പറുകൾ ഒന്നുതന്നെയാണ് . (ക്വട്ടേഷൻ പത്രികയ്ക്ക് ഒപ്പം നല്കിയിരിക്കുന്നത്).ഇതിൽ നിന്നും ഈ സ്ഥാപനങ്ങൾ ഒരുവ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെന്ന് വ്യക്തമാണ്.ഈ അപാകത പദ്ധതി നടത്തിപ്പ് വേളയിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

മേൽ അപാകതകൾ വിവരിച്ചുനല്കിയ എൻക്വയറിക്ക് മറുപടി സമർപ്പിച്ചിരുന്നുവെങ്കിലും മറുപടി തൃപ്തികരമല്ലാത്തതിനാൽ ആകെ പ്രവൃത്തിയിൽ ടിയിനത്തിൽ ചെലവഴിച്ച 53921/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 സി.പി.ഡബ്ള്യു.ഡി സ്പെസിഫിക്കേഷനിൽ ഇല്ലാത്ത ഇനം -അധിക തുക നൽകി

CPWD-DSR code No 13.16.1നമ്പർ സ്പെസിഫിക്കേഷനിൽ 6mm എന്നതിന് പകരം 9mm കനം കണക്കാക്കിയാണ് കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ഈയിനം പ്രവൃത്തി ചെയ്തിട്ടുള്ളത്.എന്നാൽ സി.പി.ഡബ്ളിയുഡി സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി നിരക്ക് കണക്കാക്കേണ്ട സാഹചര്യം എസ്റ്റിമേറ്റ് റിപ്പോർട്ടിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല . CPWD-DSR CODE NO 13.16.1 6mm Cement plaster of mix 1:3 (1Cement :3 fine sand)എന്ന ഇനത്തിന്റെ നിരക്കിനോട് കോസ്റ്റ് ഇൻഡക്സ് ചേർത്ത നിരക്കും വിവിധ പ്രവൃത്തികളിൽ ഈ ഇനത്തിന് നൽകിയ നിരക്കും താഴെ ചേർക്കുന്നു.

| DSR നിരക്ക് | | | പഞ്ചായത്ത് | |
|---|---|---|---|---|

| | | | നൽകിയ നിരക്ക് | |
|---|---|---|---|---|
| 13.16.1 | With c.p | With out c.p | With c.p | With out C.P |
| 10sqmന് വാട്ടർ ചാർജ് ഉൾപ്പെടെയുള്ള നിരക്ക് | 1171.36 | 1171.36 | 1333.828 | 1333.828 |
| +15%CP0H | 175.70 | 0 | 200.0742 | 0 |
| 10sqmന് ആകെ | 1347.06 | 1171.36 | 1533.902 | 1333.828 |
| 1sqm | 134.71 | 117.14 | 153.39 | 133.3828 |
| say | 134.71 | 117.14 | 153.40 | 133.40 |
| 1sqmന് കോസ്റ്റ ഇൻഡക്സ് (@ 0.3905) | 187.30 | 162.88 | 213.30 | 185.490 |
| - | 187.30 | 162.80 | 213.30 | 185.50 |

26/-രൂപ അധികമായാണ് ബ്ലോക്ക് നടപ്പിലാക്കിയ പ്രവർത്തികളിൽ നൽകിയിട്ടുള്ളത്,ആയതിന്റെ കാരണം വിശദീകരിക്കേ ണ്ടതാണ്.ഏതാനും ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

| പ്രോജക്ട് നം/പേര് | കരാറുകാരന്റെ പേര്/അളവ് പുസ്തകം | ചെലവ് | നൽകിയിട്ടുള്ളത് | നൽകാവുന്നത് | അധികം |
|---|---|---|---|---|---|
| ഇടനാട് ഭണ്ടാരപ്പടി ആയക്കാട് റോഡ് S0048/16 | സി.എം മുഹമ്മദ് 1/15-16 | ബിൽ നം44/15-16 dtd 23.3.16 രൂപ 391645/- | 55.114m3x213.30= 11755.82 | 55.114m3x187.30= 10322.85 | 1433 |
| S0104/16 ചെമ്പൻകുഴി കമ്മ്യൂണിറ്റി ഹാൾ | പി.റ്റി പൗലോസ് 41/15-16 | ബിൽ നം23/15-16dtd14.1.16 RS.499469/. | 189.62m3X213.30= 40441.68 | 189.62m3x187.30= 35512.08 | 4930 |
| S0043/16 പള്ളിപടി കളിക്കടവ് റോഡ് ഡ്രയിനേജ് | ഷാജി പി.എം | ബിൽ നം 27/15-16 dtd 15.2.16RS 631078/- | 96.03m3x213.30= 20483.20 | 96.03m3x187.30= 17986.419 | 2497 |

ഡി.എസ് ആർ ന് വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജ ക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2015-16 | 5740000 | IAY-ഭവനം (ജനറൽ) | 5740000 | - |
| ജില്ലാപഞ്ചായത്ത് | 2015-16 | 8036000 | IAY-ഭവനം (ജനറൽ) | 8036000 | - |
| ഗ്രാമപഞ്ചായത്ത് | 2015-16 | 3400000 | IAY-ഭവനം (scp) | 3400000 | - |
| ജില്ലാപഞ്ചായത്ത് | 2015-16 | 4760000 | IAY-ഭവനം (scp) | 4760000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തുക നൽകിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

നൽകിയിട്ടില്ല

.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IAY-അധിക ധന സഹായം | go(ms) 90/13/ LSGD,തീ. 14.3.13 | 11400000 | 10260000 | 2500000 | - | 7760000 |

തൻവർഷം തിരിച്ചടച്ച (മുതൽ) തുക വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയത് അപാകത പരിഹരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 15-16വർഷം ലഭിച്ച 24300/-രൂപയുടെ വിശദാംശ ങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2004-05 | 3-8 | 21600/- | ശ്രീ.വർക്കി വർക്കി | 677274/ 11.12.15 |
| | | 2700/- | | 678988/ 7.1.16 |

മേൽവിവരിച്ച ഓഡിറ്റ് റിക്കവറിയിനത്തിലെ വരവ് വാർഷിക ധന കാര്യപത്രികയിൽ ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പടുത്തിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യുവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 136108621.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 120874037.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 53921.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 53921.00 | ശ്രീ.ഫിലിപ്പ് ജോസഫ്,സെക്രട്ടറി |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-ഇല്ല.

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഫിലിപ്പ് ജോസഫ്, സെക്രട്ടറി | സെക്രട്ടറി, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | ചാലിൽ, കുടാക്കച്ചിറ. പി.ഒ,കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2004-05 വരെ | എൽ.എഫ്.ഇ.(സി.1)2134/11(അദാലത്ത് റപ്പോർട്ട്),23-11-2011 |
| 2008-09 | എൽ.എഫ്.ഇ.(സി.1)463/11,17-1-12 |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.1)289/12,15-9-12 |
| 2010-11<br>2011-12 | എൽ.എഫ്.ഇ.(ബി.പി.1)1979/13,27-11-13 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.1 )294/14,14-5-14 |
| 2013-14<br>14-15 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1573/16,4.10.16 |

.

ജോയിൻറ് ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്-2015-2016

നം.കെ.എസ്.എ.ഇ.കെ.എം(ബി.പി)331/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളംസിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 27.03.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോതമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

## APPENDIX – II

## AUDIT CERTIFICATE – 2015-16

No.KSA-EKM(BP)331/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail:doekm.ksad@kerala.gov.in

Date : 27.03.2017

Certified that I have audited the Annual Financial Statement of Kothamangalam Block Panchayat in Ernakulam District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Kothamangalam Block Panchayat for the year 2015-16 except the observations in my audit report prorperly presents the picture of income and expenditure.

.

Joint Director